**പതിമൂന്നാം കേരള നിയമസഭ**

# പിന്നോക്ക സമുദായക്ഷേമ സമിതി
**(2011-2014)**

## ഒന്നാമത് റിപ്പോർട്ട്

(2012 ജൂലൈ മാസം 11-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[എച്ച്.എസ്.എസ്.ടി. (സീനിയർ) തസ്തികയിലെ
നിയമനം സംബന്ധിച്ച്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2012

**പതിമൂന്നാം കേരള നിയമസഭ**

# പിന്നോക്ക സമുദായക്ഷേമ സമിതി
**(2011–2014)**

ഒന്നാമത് റിപ്പോർട്ട്

(2012 ജൂലൈ മാസം 11-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[എച്ച്.എസ്.എസ്.ടി. (സീനിയർ) തസ്തികയിലെ
നിയമനം സംബന്ധിച്ച്]

915/2012.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം I | .. | 19 |
| അനുബന്ധം II | .. | 20 |
| അനുബന്ധം III | .. | 29 |
| അനുബന്ധം IV | .. | 37 |
| അനുബന്ധം V | .. | 39 |
| അനുബന്ധം VI | .. | 40 |
| അനുബന്ധം VII | .. | 41 |

## പിന്നോക്ക സമുദായക്ഷേമസമിതി (2011–2014)

### ഘടന

അദ്ധ്യക്ഷൻ :

ശ്രീ. സി. മമ്മൂട്ടി.

അംഗങ്ങൾ :

ശ്രീ. കെ. അച്ചുതൻ

,, വി. റ്റി. ബൽറാം

,, പി. കെ. ബഷീർ

,, എ. റ്റി. ജോർജ്

ശ്രീമതി ജമീലാ പ്രകാശം

ശ്രീ. സി. കൃഷ്ണൻ

,, പി. റ്റി. എ. റഹീം

,, ആർ. സെൽവരാജ്.

നിയമസഭാ സെക്രട്ടേറിയറ്റ്:

ശ്രീ. പി. കെ. മുരളീധരൻ, സെക്രട്ടറി-ഇൻ-ചാർജ്

ശ്രീ. കെ. മോഹൻദാസ്, അഡീഷണൽ സെക്രട്ടറി

ശ്രീമതി എൽ. യമുനകുമാരി, ഡെപ്യൂട്ടി സെക്രട്ടറി

,, കെ. രാധാമണി, അണ്ടർ സെക്രട്ടറി.

# മുഖവുര

പിന്നോക്ക സമുദായക്ഷേമസമിതി (2011-14) യുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ നിയോഗാനുസരണം ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

സ്വാതന്ത്ര്യാനന്തര ഭാരതസമൂഹത്തിൽ പിന്നോക്ക വിഭാഗങ്ങളുടെ ക്ഷേമം മുൻനിർത്തി നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയെങ്കിലും പിന്നോക്കവിഭാഗത്തിൽപ്പെട്ട സമുദായങ്ങളുടെ സാമൂഹ്യമായും വിദ്യാഭ്യാസപരമായും സാമ്പത്തികമായും ഉള്ള പിന്നോക്കാവസ്ഥ പൂർണ്ണമായും പരിഹരിക്കപ്പെടാനായിട്ടില്ല. ഈ സാഹചര്യത്തിൽ കേരളത്തിലെ പിന്നോക്കസമുദായങ്ങളിൽപ്പെട്ടവരുടെ സർവ്വതോമുഖമായ പുരോഗതിയും ക്ഷേമവും മുൻനിർത്തി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 261-ഇ പ്രകാരം 1993-ൽ രൂപീകരിച്ച സമിതിയാണ് കേരള നിയമസഭയുടെ പിന്നോക്കസമുദായക്ഷേമസമിതി.

സംസ്ഥാന സർവ്വീസ്, പൊതുമേഖലാ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റികൾ, സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിൽവരുന്ന മറ്റ് സ്ഥാപനങ്ങൾ തുടങ്ങിയവയിലെ നിയമനങ്ങളിൽ പിന്നോക്ക സമുദായാംഗങ്ങൾക്ക് നിർണ്ണയിക്കപ്പെട്ടിട്ടുള്ള പ്രാതിനിധ്യം ലഭിക്കുന്നുണ്ടോയെന്ന് പരിശോധിക്കുകയും ഇപ്രകാരം അർഹമായ പ്രാതിനിധ്യം ഉറപ്പാക്കുന്നതിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയുമാണ് സമിതിയുടെ പ്രധാന കർത്തവ്യം. കൂടാതെ, പിന്നോക്ക സമുദായാംഗങ്ങളുടെ സാമൂഹികവും വിദ്യാഭ്യാസപരവുമായ പുരോഗതി അവലോകനം ചെയ്യുക, വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പിന്നോക്ക സമുദായാംഗങ്ങളുടെ പര്യാപ്തത തിട്ടപ്പെടുത്തുന്നതിനും അവ മെച്ചപ്പെടുത്തുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക, പിന്നോക്ക സമുദായാംഗങ്ങൾക്ക് അർഹമായിട്ടുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുകയും ഇതു സംബന്ധിച്ചുള്ള പരാതികൾ പരിശോധിച്ച് തീർപ്പുണ്ടാക്കുകയും ചെയ്യുക എന്നിവയും സമിതിയുടെ കർത്തവ്യങ്ങളിൽപ്പെടുന്നു.

ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ മാത്തമാറ്റിക്സ്, ഇക്കണോമിക്സ് എന്നീ വിഷയങ്ങളുടെ സീനിയർ തസ്തികയിൽ നിലവിലുള്ള ഒഴിവുകളിൽ പി.എസ്.സി. റാങ്ക്ലിസ്റ്റിൽ നിന്നും നിയമനം നടത്താത്തതുമൂലം സംവരണ വിഭാഗത്തിലുൾപ്പെട്ട ഉദ്യോഗാർത്ഥികളുൾപ്പെടെയുള്ളവർക്ക് അവസരനഷ്ടമുണ്ടായതായി പരാതിപ്പെട്ട് റാങ്ക്ലിസ്റ്റിൽ ഉൾപ്പെട്ട ഒരു കൂട്ടം ഉദ്യോഗാർത്ഥികൾ സമിതിക്ക് ഹർജി സമർപ്പിച്ചിരുന്നു. പ്രസ്തുത ഹർജികളിന്മേൽ സർക്കാരിൽനിന്നും സമിതി റിപ്പോർട്ട് ആവശ്യപ്പെടുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് തെളിവെടുപ്പ് നടത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലുള്ള സമിതിയുടെ കണ്ടെത്തലുകളും ശുപാർശകളും ഉൾക്കൊള്ളിച്ചുകൊണ്ട് തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

പതിമൂന്നാം കേരള നിയമസഭയുടെ ഭാഗമായി 2011-ൽ നിലവിൽവന്ന പിന്നോക്ക സമുദായക്ഷേമസമിതി (2011-14) യുടെ ഒന്നാമത്തെ റിപ്പോർട്ടാണിത്.

2012 ജൂലൈ മാസം 5-ാം തീയതി ചേർന്ന സമിതി യോഗമാണ് ഈ റിപ്പോർട്ട് അംഗീകരിച്ചത്.

സി. മമ്മൂട്ടി,

*ചെയർമാൻ,*
*പിന്നോക്ക സമുദായക്ഷേമസമിതി.*

തിരുവനന്തപുരം,
2012 ജൂലൈ 11.

## റിപ്പോർട്ട്

ഹയർ സെക്കന്ററി സ്കൂൾ ടീച്ചേഴ്സ് മാത്തമാറ്റിക്സ് (സീനിയർ), ഹയർ സെക്കന്ററി സ്കൂൾ ടീച്ചേഴ്സ് ഇക്കണോമിക്സ് (സീനിയർ) എന്നീ പി.എസ്.സി. റാങ്ക്ലിസ്റ്റുകളിൽ നിന്നും അർഹതപ്പെട്ട നിയമനം നൽകണമെന്നാവശ്യപ്പെട്ട് സംവരണ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾ സമിതിക്ക് പരാതി സമർപ്പിച്ചിരുന്നു. പ്രസ്തുത പരാതികൾ, സമിതി പരിശോധിക്കുകയും, സർക്കാരിൽ നിന്നും ഇതുമായി ബന്ധപ്പെട്ട് റിപ്പോർട്ട് ആവശ്യപ്പെടുകയും, ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുക്കുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിലുള്ള സമിതിയുടെ കണ്ടെത്തലുകളും ശുപാർശകളും ഉൾക്കൊള്ളിച്ചുകൊണ്ട് തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

**ഉന്നയിക്കപ്പെട്ട പ്രധാന പരാതികൾ**

(1) എച്ച്.എസ്.എസ്.ടി. (സീനിയർ) തസ്തികകളിലെ നിലവിലുള്ള ഒഴിവുകൾ, പ്രസ്തുത തസ്തികകളുടെ റാങ്ക് ലിസ്റ്റുകൾ നിലനിൽക്കെ തന്നെ, എച്ച്.എസ്.എ./എൽ.പി.എസ്.എ./യു.പി.എസ്.എ. വിഭാഗങ്ങളിൽ നിന്നുള്ള ബൈട്രാൻസ്ഫർ പ്രൊമോഷൻ മുഖേന ക്രമവിരുദ്ധമായി നികത്തുന്നതിന് ഹയർ സെക്കന്ററി ഡയറക്ടറേറ്റ് നടപടി സ്വീകരിച്ചതുമൂലം പി.എസ്.സി. റാങ്ക്ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് അവസരനഷ്ടവും വിവിധ സംവരണ സമുദായങ്ങൾക്ക് സംവരണനഷ്ടവും ഉണ്ടായി.

(2) പ്രസ്തുത തസ്തികകൾ നിലവിൽ വന്ന തീയതി തിരുത്തിക്കൊണ്ട് പുതിയ ഉത്തരവ് ഇറക്കുകയും മാത്തമാറ്റിക്സ് തസ്തികയിലേക്ക് 2010 ജൂൺ മാസം, 83 ജൂനിയർ അദ്ധ്യാപകരെ പ്രൊമോട്ട് ചെയ്യുകയുണ്ടായി.

(3) പുതിയതായി രൂപീകരിച്ച എച്ച്.എസ്.എസ്.ടി. (സീനിയർ) തസ്തികകൾ പ്രാബല്യത്തിൽ വന്ന 1-6-2007-ൽ നിലവിലുള്ള ജൂനിയർ അദ്ധ്യാപകരിൽ പ്രൊമോഷന് അർഹതയുള്ളവരില്ലാത്തതിനാൽ, പ്രസ്തുത തസ്തികകൾ പി.എസ്.സി. മുഖേന നികത്തുന്നത് ഒഴിവാക്കുന്നതിലേക്കായി 15-9-2008-ലെ ഉത്തരവിലെ 2007-2008 എന്ന മുൻകാലപ്രാബല്യം 7-3-2009-ലെ ഉത്തരവുപ്രകാരം 15-9-2008 എന്നാക്കി തിരുത്തി.

(4) സ്പെഷ്യൽ റൂൾസ് പ്രകാരം ഹൈസ്കൂൾ അസിസ്റ്റന്റുമാർക്ക് 25% തസ്തികകൾക്ക് മാത്രമേ നിയമനത്തിന് അർഹതയുള്ളൂ, എന്നിരിക്കെ 38% തസ്തികകളിൽ അവർക്ക് നിയമനം നൽകുകയുണ്ടായി.

സമിതിയുടെ 2011 നവംബർ മാസം 23-ാം തീയതിയിലെ യോഗം പ്രസ്തുത പരാതി പരിഗണനയ്ക്കെടുക്കുകയും സർക്കാരിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെടുകയും ചെയ്തു.

**ഇത് പ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പിൽനിന്നും ഉദ്യോഗസ്ഥഭരണ പരിഷ്ക്കാര (റൂൾസ്) വകുപ്പിൽ നിന്നും യഥാക്രമം 71556/യു1/11/പൊ.വി.വ., 21452/ആർ1/11/ഉ.ഭ.പ.വ. എന്നിനം കത്തുകൾ പ്രകാരം ലഭ്യമായ റിപ്പോർട്ടിലെ പ്രസക്തഭാഗം ഇപ്രകാരമാണ് :**

**“സ്പെഷ്യൽ റൂൾസ് നിലവിൽ വന്നത് 2001 മുതലാണ്, അതിനുമുൻപ് നടന്ന നിയമനങ്ങൾ റേഷ്യോ നിർണ്ണയത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. സ്പെഷ്യൽ റൂൾ നിലവിൽ വരുന്നതിനുമുമ്പ് നടന്ന തസ്തികേതര നിയമനങ്ങൾ കൂട്ടിച്ചേർത്താണ് അനുപാതം വർദ്ധിച്ച് 25% എന്നത് 38% ആയി കാണുന്നത്. സ്പെഷ്യൽ റൂൾ വന്നതിനുശേഷം 1:3 എന്ന റേഷ്യോ പാലിച്ചാണ് നിയമനം നടത്തുന്നത്. അദ്ധ്യാപക തസ്തികയുടെ കാര്യത്തിൽ സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിക്കാനാകില്ല, പരാതിയിൽ പറയുന്ന പ്രകാരം 15-9-2008-ലെ ഗവ. ഉത്തരവുപ്രകാരം തസ്തികകൾ സൃഷ്ടിക്കുകയും തസ്തികേതരസ്ഥാനക്കയറ്റ നിയമനം നടത്തുകയും ചെയ്ത ആ സർക്കാർ ഉത്തരവിന് മുൻകാല പ്രാബല്യം ഇല്ല. ആ ഉത്തരവുപ്രകാരം Date of occurrence of vacancy 15-9-2008 ആണ്. പരാതിയിൽ പറയുന്ന പ്രകാരം സർക്കാർ മറ്റൊരു ഉത്തരവ് ഇറക്കി 1-6-2007 മുതൽ മുൻകാലപ്രാബല്യം എന്നതു മാറ്റി എന്ന് തുടങ്ങിയിട്ടുള്ള പരാമർശങ്ങൾ ഗവ. നടപടിക്രമങ്ങളാണ്”.**

റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്നതിനു മുമ്പ് അർഹതപ്പെട്ടവർക്ക് നിയമനം ലഭിക്കാതിരുന്നിട്ടുണ്ടോയെന്നതും സംവരണസമുദായങ്ങൾക്ക് സംവരണനഷ്ടം സംഭവിച്ചിട്ടുണ്ടോയെന്നതും സംബന്ധിച്ച് കൂടുതൽ വ്യക്തത വരുത്തുന്നതിലേക്കായി 14-12-2011-ന് പൊതുവിദ്യാഭ്യാസ വകുപ്പ് ഉദ്യോഗസ്ഥരിൽ നിന്നും സമിതി തെളിവെടുപ്പ് നടത്തുകയുണ്ടായി.

പ്രസ്തുത തെളിവെടുപ്പ് യോഗത്തിൽ, ബൈ ട്രാൻസ്ഫർ പ്രൊമോഷൻ മുഖേന എച്ച്.എസ്.എസ്.ടി. സീനിയർ തസ്തികയിലെ 25% ഒഴിവുകൾ നികത്തുന്നതിനു പകരം 38% ഒഴിവുകൾ നികത്തിയതിനാൽ പി.എസ്.സി. റാങ്ക്ലിസ്റ്റിൽ നിന്നുമുള്ള ഉദ്യോഗാർത്ഥികൾക്കുള്ള അവസരം നഷ്ടപ്പെട്ടു എന്ന പരാതിയിന്മേൽ സമിതി വിശദീകരണം ആവശ്യപ്പെടുകയുണ്ടായി.

സർക്കാർ ഉത്തരവുപ്രകാരം എച്ച്.എസ്.എസ്.ടി. (സീനിയർ) തസ്തികയിലെ ഒഴിവുകളിൽ യോഗ്യരായ എച്ച്.എസ്.എസ്.ടി. (ജൂനിയർ) തസ്തികയിലെ അദ്ധ്യാപകർക്ക് സ്ഥാനക്കയറ്റം നല്കിയതിനുശേഷം ബാക്കിയുള്ള ഒഴിവുകളിൽ 25% എച്ച്.എസ്.എ./യു.പി.എസ്.എ./എൽ.പി.എസ്.എ. എന്നീ തസ്തികകളിൽ നിന്നുമുള്ള ബൈ ട്രാൻസ്ഫർ മുഖാന്തിരവും, 75% പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നുള്ള നേരിട്ടുള്ള നിയമനവുമാണ് നടത്തുന്നതെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ സമിതിയെ ബോധിപ്പിക്കുകയുണ്ടായി. 2001-ൽ സ്പെഷ്യൽ റൂൾ നിലവിൽ വരുന്നതിനുമുമ്പ് 1991 മുതലാണ് പരാതിയിൽ പറയുന്ന 83 അദ്ധ്യാപകരെ മേൽപ്പറഞ്ഞ റേഷ്യോ പാലിക്കാതെ ബൈ ട്രാൻസ്ഫർ പ്രൊമോഷൻവഴി നിയമിച്ചത് എന്നും ഡയറക്ടർ വിശദീകരിക്കുകയുണ്ടായി.

ഈ വിഷയം സംബന്ധിച്ച് പരാതിക്കാരനായ ശ്രീ. വാസുദേവന് സമിതിയിൽ ഹാജരാകുവാനും അഭിപ്രായങ്ങൾ സമിതിയെ അറിയിക്കുവാനും സമിതി അനുവാദം നൽകുകയുണ്ടായി.

പരാതിക്കാരൻ സമിതിയിൽ ബോധിപ്പിച്ചതനുസരിച്ച് 2010 ജൂൺ മാസം അനധികൃതമായി 83 എച്ച്.എസ്.എസ്.ടി. (ജൂനിയർ) അദ്ധ്യാപകരെ എച്ച്.എസ്.എസ്.ടി. (സീനിയർ) തസ്തികയിലേക്ക് നിയമിക്കുകയുണ്ടായി എന്ന

ആരോപണത്തെകുറിച്ച് വിശദമായി പരിശോധിക്കണമെന്നും ഇതു സംബന്ധിച്ച് പുറപ്പെടുവിച്ച ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിച്ചു. കൂടാതെ സ്പെഷ്യൽ റൂൾ നിലവിൽ വരുന്നതിനുമുമ്പ് നിയമനം നേടിയവരും എന്നാൽ സ്പെഷ്യൽ റൂൾ നിലവിൽ വന്നശേഷം റഗുലറൈസ് ചെയ്തവരുമായ 97 അദ്ധ്യാപകരെ റേഷ്യോ നിർണ്ണയത്തിൽ ഉൾപ്പെടുത്താത്തതു സംബന്ധിച്ച വിവരങ്ങളും അടിയന്തിരമായി ലഭ്യമാക്കാൻ സമിതി ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകി. സമിതി ആവശ്യപ്പെട്ടതനുസരിച്ച് 13-5-1998-ലെ G.O. (Ms.) No. 162/98/G.Edn. (അനുബന്ധം I) 16-4-2001-ലെ സ്പെഷ്യൽ റൂൾസ് G.O. (P) No.144/2001/G.Edn. (അനുബന്ധം II) 14-11-2000-ൽ പുറപ്പെടുവിച്ച സുപ്രീംകോടതി വിധിയുടെ പകർപ്പ് (അനുബന്ധം III) 2-11-2007-ലെ G.O. (Ms.) No.191/07/G.Edn. (അനുബന്ധം IV) 17-11-2007-ലെ G.O. (Ms.) No. 198/07/G.Edn. (അനുബന്ധം V) എന്നിവ ലഭ്യമാക്കി. കൂടാതെ സ്പെഷ്യൽ റൂൾസ് നിലവിൽ വന്നതിനുശേഷം ഓരോ വർഷവും ഉണ്ടായ തസ്തികയും അതിൽ നേരിട്ടും, തസ്തികേതര പ്രൊമോഷൻ വഴിയും നടത്തിയ നിയമനങ്ങളുടെ വിശദാംശങ്ങളും (അനുബന്ധം VI) സ്പെഷ്യൽ റൂൾസ് നിലവിൽ വന്നതിനുശേഷം റഗുലറൈസ് ചെയ്തതായ തസ്തികേതര പ്രൊമോഷൻ ലഭിച്ചവരുടെ വിശദാംശങ്ങൾ (അനുബന്ധം VII) എന്നിവയും വകുപ്പിൽ നിന്നും ലഭ്യമാക്കിയത് അനുബന്ധമായി ചേർത്തിരിക്കുന്നു.

സമിതി നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ 26-12-2011-ലെ 71556/യു1/11/ പൊ.വി.വ. നമ്പർ കത്ത് പ്രകാരം പൊതുവിദ്യാഭ്യാസ (യു) വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ പ്രസക്തഭാഗം ചുവടെ ചേർക്കുന്നു:

**"2007-2008 അദ്ധ്യയനവർഷം 17-11-2007-ലെ ജി. ഒ. (എംഎസ്.) നമ്പർ 198/07/പൊ.വി.വ. ഉത്തരവുപ്രകാരം മലബാർ മേഖലയിൽ 292 അഡീഷണൽ ബാച്ചുകൾ അനുവദിച്ചു. അഡീഷണൽ ബാച്ച് അനുവദിച്ച സ്കൂളുകളിൽ സയൻസ് വിഷയങ്ങൾക്ക് ഓരോ ബാച്ച് ആണ് അനുവദിച്ചിരുന്നത്. ആ വർഷം പുതിയതായി അനുവദിച്ച സ്കൂളുകളിൽ ഒന്നാം വർഷത്തേയ്ക്ക് ഓരോ വിഷയത്തിനും 8 പീരിഡ് വീതം മാത്രമേ ഉണ്ടായിരുന്നുള്ളു. അതായത് ഒരു വിഷയത്തിന് ഒരു ജൂനിയർ തസ്തിക മാത്രം. നിലവിലുള്ള സ്കൂളുകളിൽ അധിക ബാച്ച് അനുവദിച്ചാലും 8 പീരിഡ് ചേരുമ്പോൾ നിലവിലുള്ള സീനിയർ തസ്തികകൾക്ക് മാറ്റം ഉണ്ടാകാതിരിക്കുകയോ അല്ലെങ്കിൽ ഒരു ജൂനിയർ തസ്തിക മാത്രമേ സൃഷ്ടിക്കപ്പെടുകയുണ്ടായിരുന്നുള്ളു. എന്നാൽ മേൽ ഉത്തരവ് പ്രകാരം 2008-ലെ രണ്ടാം വർഷത്തെ ജോലി ഭാരം കൂടി കണക്കിലെടുത്ത് പീരീഡുകൾ തിട്ടപ്പെടുത്തി സീനിയർ തസ്തികകൾ സൃഷ്ടിച്ചിരുന്നു. ഇതിന് 2008 സ്കൂൾ വർഷം മാത്രമേ നിയമനം നൽകാൻ കഴിയുമായിരുന്നുള്ളു കാരണം സീനിയർ തസ്തികകൾ 2008 മുതൽ മാത്രമേ നിലവിൽ വന്നിരുന്നുള്ളു. ആയതിനാലാണ് 7-3-2009-ലെ ഉത്തരവ് പ്രകാരം ഈ തസ്തികകൾക്ക് മുൻകാലപ്രാബല്യം ഒഴിവാക്കി 15-9-2008 പ്രാബല്യം നൽകാൻ സർക്കാർ നിർബന്ധിതമായത്.**

**മേൽ വിവരിച്ച പ്രകാരം 1-6-2007-ൽ സീനിയർ തസ്തികകൾ നിലവിലില്ലായിരുന്നു. സീനിയർ തസ്തികകൾ നിലവിൽ വരുന്നത് 2008 സ്കൂൾ വർഷം മുതലാണ്. ഈ സമയത്ത് പരാതിയിൽ സൂചിപ്പിച്ച 83 ജൂനിയർ അദ്ധ്യാപകരും**

പ്രൊബേഷൻ പൂർത്തിയാക്കുകയും സീനിയർ തസ്തികകൾക്ക് യോഗ്യത നേടുകയും ചെയ്തിരുന്നു. യോഗ്യത നേടിയ ജൂനിയർ അദ്ധ്യാപകർ ഉണ്ടെങ്കിൽ പ്രസ്തുത ഒഴിവുകൾ സ്പെഷ്യൽ റൂൾ പ്രകാരം പ്രൊമോഷന് അർഹതയുള്ളത് അവർക്ക് മാത്രമാണ്. അതുകൊണ്ടാണ് പ്രസ്തുത ഒഴിവുകൾ ജൂനിയർ അദ്ധ്യാപകർക്ക് പ്രൊമോഷൻ വഴി നൽകിയത്.

16-4-2001-ലാണ് ഹയർ സെക്കന്ററി അദ്ധ്യാപകരുടെ നിയമനം വ്യവസ്ഥ ചെയ്യുന്ന സ്പെഷ്യൽ റൂൾ നിലവിൽ വന്നത്. സ്പെഷ്യൽ റൂൾ പ്രകാരം ഹയർ സെക്കന്ററി അദ്ധ്യാപക നിയമനം നടത്തേണ്ടത് യോഗ്യരായ ജൂനിയർ അദ്ധ്യാപകരുടെ തസ്തികമാറ്റ നിയമനത്തിലൂടെ ആകണം എന്ന് വ്യവസ്ഥ ചെയ്യുന്നു. അവരുടെ അഭാവത്തിൽ മാത്രം നിലവിലുള്ള ഒഴിവുകളെ 1:3 എന്ന അനുപാതത്തിൽ വിഭജിച്ച് അദ്ധ്യാപകരുടെ തസ്തികമാറ്റനിയമനം വഴിയും നേരിട്ടുള്ള നിയമനം വഴിയും ഒഴിവുകൾ നികത്തേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്യുന്നു. കേഡർ സ്ട്രെങ്ത് അല്ല, മറിച്ച് ഓരോകാലത്തും നിലവിൽവരുന്ന ഒഴിവുകളെയാണ് എച്ച്.എസ്.എസ്.ടി. നിയമനത്തിനായി കണക്കാക്കേണ്ടത്. സ്പെഷ്യൽ റൂളിന് മുമ്പ് നിയമനം നൽകിയവരെകൂടെ കണക്കിലെടുത്ത് വിഭജിക്കുകയാണെങ്കിൽ അത് വേക്കൻസികളുടെ വിഭജനമല്ല മറിച്ച് തസ്തികയുടെ വിഭജനമായി മാറും. ഇത് സ്പെഷ്യൽ റൂളിന്റെ ലംഘനമാകും. അതിനാൽ ആ തരത്തിൽ എടുക്കുവാൻ കഴിയുകയില്ല.

സ്പെഷ്യൽ റൂളിന് മുമ്പ് 1992 മുതൽ 1999 വരെ വിവിധ തീയതികളിൽ ഹയർ സെക്കന്ററി സർവ്വീസിൽ പ്രവേശിച്ച അദ്ധ്യാപകരെ റഗുലറൈസ് ചെയ്തുകൊണ്ട് 2004-ൽ ആണ് ഉത്തരവിറക്കിയത്. അന്ന് നിലവിലിരുന്ന ഒഴിവുകളിലേക്കാണ് അവരെ നിയമിച്ചിരിക്കുന്നത്. ഈ നിയമനങ്ങളെല്ലാം തന്നെ സ്പെഷ്യൽ റൂളിന് മുമ്പ് നടന്നതാണ്. കൂടാതെ സ്പെഷ്യൽ റൂളിന് മുൻകാല പ്രാബല്യം ഇല്ല. സ്പെഷ്യൽ റൂൾ നിലവിൽ വന്നശേഷമുള്ള എല്ലാ ഒഴിവുകളും സ്പെഷ്യൽ റൂളിൽ നിഷ്കർഷിക്കും പ്രകാരം തന്നെയാണ് നിയമനം നടത്തിയിട്ടുള്ളത്".

സർക്കാരിൽ നിന്നും ലഭിച്ച മേൽപ്പറഞ്ഞ റിപ്പോർട്ട് പരിഗണിച്ച സമിതി ഇക്കാര്യത്തിൽ കൂടുതൽ വ്യക്തത വരുത്തുന്നതിലേക്കായി 2012 ജനുവരി 23-ന് പൊതുവിദ്യാഭ്യാസ സെക്രട്ടറിയിൽ നിന്നും വീണ്ടും തെളിവെടുപ്പ് നടത്തുകയുണ്ടായി.

തെളിവെടുപ്പുമായി ബന്ധപ്പെട്ട് സർക്കാരിൽ നിന്നും സമിതിക്ക് ലഭ്യമായ റിപ്പോർട്ട് പ്രകാരം ലഭ്യമായ വിവരങ്ങൾ താഴെപ്പറയും പ്രകാരമാണ് :

എച്ച്.എസ്.എസ്.ടി. (മാത്തമാറ്റിക്സ്) തസ്തികയിൽ നിലവിൽ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുവാൻ ഉള്ള ഒഴിവുകൾ: ഒന്നും തന്നെയില്ല.

| | | |
|---|---|---|
| എച്ച്.എസ്.എസ്.ടി. (മാത്തമാറ്റിക്സ്) തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ | : | 57 |
| പി.എസ്.സി.യിൽ നിന്നും അഡ്വൈസ് ലഭിക്കേണ്ട NCA ഒഴിവുകൾ | : | 21 |

| | | |
|---|---|---|
| **ബൈ ട്രാൻസ്ഫർ പ്രൊമോഷൻവഴി നികത്തേണ്ട ഒഴിവുകൾ** | **:** | **28** |
| **ജൂനിയർ തസ്തികയിൽ നിന്നുമുള്ള നിയമനം** | **:** | **8** |
| | **മൊത്തം** | **57** |

**31-3-2012-ലെ വിരമിക്കൽ ഒഴിവ് : 7**

**പ്രസ്തുത വിരമിക്കൽ ഒഴിവുകൾ യോഗ്യരായ എച്ച്.എസ്.എസ്.ടി. (ജൂനിയർ) മാത്തമാറ്റിക്സ് അദ്ധ്യാപകർ നിലവിലുള്ളതിനാൽ അവരിൽ നിന്നാണ് നികത്തേണ്ടത്.**

23-1-2012-ലെ തെളിവെടുപ്പ് യോഗത്തിൽ, ഹയർ സെക്കന്ററി അദ്ധ്യാപക തസ്തികയിലെ 75% നിയമനങ്ങളും പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നായിരിക്കണമെന്നുള്ള 13-5-1998-ലെ G.O. (Ms.) No. 162/98/G.Edn. ഉത്തരവ് സംബന്ധിച്ചും, സ്പെഷ്യൽ റൂൾസ് നിലവിൽ വരുന്നതിനുമുമ്പ് നടന്ന തസ്തികേതര സ്ഥാനക്കയറ്റ നിയമനങ്ങൾ റഗുലറൈസ് ചെയ്യുന്നത് സംബന്ധിച്ചുമുള്ള കോടതി ഉത്തരവിനെക്കുറിച്ചും സമിതി ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് ആരായുകയുണ്ടായി.

ഇത് സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വ്യക്തമായ വിശദീകരണം നൽകാത്തതിൽ അതൃപ്തി രേഖപ്പെടുത്തിയ സമിതി, അടുത്ത യോഗത്തിൽ പൊതുവിദ്യാഭ്യാസ സെക്രട്ടറി നേരിട്ട് ഹാജരായി വ്യക്തമായ മറുപടി സമിതിയെ ബോധിപ്പിക്കണമെന്ന് നിർദ്ദേശിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ 7-2-2012-ന് പൊതുവിദ്യാഭ്യാസ സെക്രട്ടറിയിൽ നിന്നും തെളിവെടുക്കുകയുണ്ടായി.

ഇതിന്റെ ഭാഗമായി പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും 6-2-2012-ലെ 71556/യു1/11/പൊ.വി.വ. നമ്പർ കത്ത് പ്രകാരം ലഭിച്ച റിപ്പോർട്ട് ഇപ്രകാരമായിരുന്നു :

**"ബഹു. സുപ്രീംകോടതിയുടെ 14-11-2000-ലെ വിധിക്കുമുമ്പ് എക്സിക്യൂട്ടീവ് ഉത്തരവുകൾ മുഖേനയായിരുന്നു ഹയർ സെക്കന്ററി വിദ്യാഭ്യാസമേഖലയിലെ അദ്ധ്യാപക നിയമനങ്ങളെല്ലാം തന്നെ നടത്തിയിരുന്നത്. 25% എന്ന കണക്കിലെ ഒരു ക്ലിപ്തത വന്നത് 16-4-2001-ലെ സ്പെഷ്യൽ റൂൾസ് നിലവിൽ വന്നതിനുശേഷം മാത്രമാണ്. മേൽപ്പടി സ്പെഷ്യൽ റൂൾസ് നിലവിൽ വരുന്നതിനുമുമ്പ് നടത്തിയ നിയമനങ്ങൾ എല്ലാം തന്നെ കോടതി വ്യവഹാരങ്ങൾക്ക് വിധേയമായതും അപ്രകാരം നടത്തിയ എല്ലാ നിയമനങ്ങൾക്കും 14-11-2000-ലെ കോടതി വിധിയോടുകൂടി അന്തിമ തീർപ്പുകൈവരിച്ചിട്ടുള്ളതുമാണ്. അതിനാൽ തന്നെ നിയമനം 25%-ൽ കവിഞ്ഞിട്ടുണ്ടെങ്കിൽപോലും ഒരു പുനഃപരിശോധനയ്ക്ക് വിധേയമാക്കാൻ സാധിക്കുമെന്ന് തോന്നുന്നില്ല. ഇക്കാര്യത്തിൽ ശ്രദ്ധിക്കപ്പെടേണ്ട ഒരു വസ്തുത 2000-ൽ സുപ്രീം കോടതി വിധി വന്നെങ്കിലും അതിന്റെ സത്ത ഉൾക്കൊണ്ട് പൂർണ്ണമായും സർക്കാർ ഉത്തരവ് പുറപ്പെടുവിക്കാൻ ഭരണപരമായ കാരണങ്ങളാൽ 2004-ൽ മാത്രമേ കഴിഞ്ഞുള്ളു. ഇതിനെ 2001-ലെ സ്പെഷ്യൽ റൂൾസുമായി ബന്ധപ്പെടുത്തുന്നത് ഉചിതമാണെന്നുതോന്നുന്നില്ല. 2001-നുശേഷം ഉണ്ടായിട്ടുള്ള തസ്തികകളിലെല്ലാം തന്നെ സ്പെഷ്യൽ റൂൾസ് നിബന്ധനകൾക്ക് വിധേയമായാണ് നിയമനം നടത്തിയിട്ടുള്ളത്. സ്പെഷ്യൽ റൂൾസ് നിലവിൽ വന്നതിനുശേഷം എച്ച്.എസ്.എസ്.ടി. (മാത്തമാറ്റിക്സ്)-ൽ 701 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.**

**പ്രസ്തുത പരാതി പരിഹരിക്കണമെന്നുണ്ടെങ്കിൽ മൂന്ന് കാര്യങ്ങളാണ് പരിശോധിക്കേണ്ടതായിട്ടുള്ളത് :**

**1. സുപ്രീംകോടതി വിധിക്കുമുമ്പുള്ള ഹയർ സെക്കന്ററി അദ്ധ്യാപക നിയമനങ്ങളെല്ലാം പുനഃപരിശോധിക്കുക.**

**(2) സ്പെഷ്യൽ റൂൾസ് നിലവിൽ വന്നതിനുശേഷം നടത്തിയ നിയമനങ്ങളെല്ലാം സൂക്ഷ്മമായി പരിശോധിച്ച് 25% ക്വാട്ട അധികരിച്ചോ എന്ന് ഉറപ്പാക്കി ആവശ്യമെങ്കിൽ ആ ഒഴിവുകളും പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്യുക.**

**(3) സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്ത് നേരിട്ടുള്ള നിയമനത്തിന്റെ ക്വാട്ട യുക്തിഭദ്രമായി ഉയർത്തുക.**

**മുകളിൽപ്പറഞ്ഞ കാര്യങ്ങൾ നടപ്പിലാക്കുന്നതിന് താഴെപ്പറയുന്ന പ്രായോഗികവും നിയമപരവുമായ തടസ്സങ്ങൾ ഉണ്ടാകാവുന്നതാണ്.**

**സുപ്രീംകോടതി വിധി 2000-ലാണ് പ്രഖ്യാപിച്ചത്. വിധി പ്രഖ്യാപിച്ചിട്ട് ഇപ്പോൾ 11 വർഷം കഴിഞ്ഞിരിക്കുകയാണ്. അതുകൊണ്ടുതന്നെ ഇതിൻമേലുള്ള റിവ്യൂ സാധ്യമാണെന്ന് തോന്നുന്നില്ല. രണ്ടാമതായി പറഞ്ഞ കാര്യത്തിലാണെങ്കിൽ നിശ്ചിതക്വാട്ടയ്ക്കുള്ളിൽ നിന്നാണ് എല്ലാ നിയമനങ്ങളും നടത്തിയിട്ടുള്ളതെന്നാണ് ഇതിനകം ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയിട്ടുള്ള കണക്കുകൾ സൂചിപ്പിക്കുന്നത്. ഇതിന്മേലുള്ള ഒരു പുനഃപരിശോധന വൈഷമ്യമേറിയതും ഒരുപക്ഷേ നിഷ്പ്രയോജനവും ആയിരിക്കാം. 3-ാമത്തെ പ്രക്രിയ സർക്കാരിന്റെ നയപരമായ കാര്യമാണ്. ഈ വിഷയത്തിൽ കൂട്ടായ ചർച്ചകളും കൂടുതൽ പഠനങ്ങളും ആവശ്യമാണ്.**

**2010-ൽ അനുവദിച്ച പുതിയ സ്കൂളുകളിൽ 2011-12-ലെ അപ്ഗ്രഡേഷൻ മുഖേന 17 തസ്തികകൾ സൃഷ്ടിക്കപ്പെടേണ്ടതായിട്ടുണ്ട്. ഇതിനുള്ള നടപടിക്രമങ്ങൾ പ്രാരംഭഘട്ടത്തിലാണ്".**

തെളിവെടുപ്പിന്റെ ഭാഗമായി പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിൽ ഉദ്യോഗാർത്ഥികൾ സമർപ്പിച്ച പരാതി പരിഹരിക്കുന്നതിലേയ്ക്കായി മൂന്നു നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളതിൽ ആദ്യത്തേത് ആദ്യം പരിഗണിക്കണമെന്ന് സമിതി നിർദ്ദേശിക്കുകയുണ്ടായി. സുപ്രീംകോടതിവിധി വരുന്നതിനുമുമ്പുള്ള 97 നിയമനങ്ങൾ പരിശോധിച്ചാൽ, 1:3 അനുപാതപ്രകാരം നേരിട്ടുള്ള നിയമനത്തിനായി വരുന്ന ഒഴിവുകൾ ഏകദേശം എഴുപതോളംവരുമെന്നും അവ നിലവിലുള്ള ലിസ്റ്റിൽനിന്നും ബാക്ക്ലോഗ് ആയി കണക്കാക്കി നികത്തണമെന്നും സമിതി നിർദ്ദേശിക്കുകയുണ്ടായി.

റാങ്ക്ലിസ്റ്റ് കാലഹരണപ്പെടുന്ന സാഹചര്യവും അതിലുൾപ്പെട്ട പ്രായപരിധി കഴിയുന്നവരുടെ ബുദ്ധിമുട്ടും മനസ്സിലാക്കി അർഹതയുളളവർക്ക് ഏപ്രിൽ 30നുള്ളിൽ നിയമനം ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുകയുണ്ടായി.

ഇപ്പോൾ നിലവിലുള്ള സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യേണ്ടതാണെന്നും 2001-ൽ സ്പെഷ്യൽ റൂൾ നിലവിൽ വന്നപ്പോൾ പുതുതായി നിലവിൽവന്ന തസ്തികകൾ നികത്തുന്നതിന് എച്ച്.എസ്.എസ്.ടി. ജൂനിയർ തസ്തികയിലും എച്ച്.എസ്.എസ്.ടി. സീനിയർ തസ്തികയിലും റാങ്ക്ലിസ്റ്റുകളിൽ നിന്നും നേരിട്ടു നിയമനം നടത്തുന്നത് ഉപയോഗപ്രദമായിരുന്നുവെങ്കിലും ഇപ്പോഴും ഇത് തുടരുന്നതിന് യാതൊരു നീതീകരണ വുമില്ലെന്ന് പൊതുവിദ്യാഭ്യാസ സെക്രട്ടറി സമിതിയെ അറിയിക്കുകയുണ്ടായി.

റിപ്പോർട്ടിലെ മൂന്നാമത് നിർദ്ദേശമായി പറഞ്ഞിരിക്കുന്ന സ്പെഷ്യൽ റൂൾ ഭേദഗതി നിർബന്ധമായും ചെയ്യേണ്ടതാണെന്നും, എച്ച്.എസ്.എസ്.ടി. (ജൂനിയർ) തസ്തികയിൽ പ്രവേശനം ലഭിക്കുന്നവർക്ക് ഒന്നോ രണ്ടോ വർഷം കഴിയുമ്പോൾ എച്ച്.എസ്.എസ്.ടി. (സീനിയർ) തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിക്കാവുന്ന സാഹചര്യമുള്ളതു കൊണ്ടും, സീനിയർ തസ്തികയിൽ ഉണ്ടാകുന്ന മുഴുവൻ ഒഴിവുകളിലും, യോഗ്യരായ ജൂനിയർ അദ്ധ്യാപകർക്ക് സ്ഥാനക്കയറ്റം നൽകി നിയമനം നടത്തിയതിനുശേഷം ബാക്കി യുള്ളവയിൽ 75% മാത്രം പി.എസ്.സി. റാങ്ക്ലിസ്റ്റിൽ നിന്നും നിയമനം നൽകുന്നുള്ളൂ എന്നതുകൊണ്ടും എച്ച്.എസ്.എസ്.ടി. സീനിയർ തസ്തികയ്ക്കു പ്രത്യേക റാങ്ക്ലിസ്റ്റ് തയ്യാറാക്കുന്നതിനു പ്രസക്തിയില്ല എന്ന് സമിതി നിരീക്ഷിക്കുകയുണ്ടായി. എച്ച്.എസ്.എസ്.ടി. സീനിയർ തസ്തികയ്ക്ക് പ്രത്യേക റാങ്ക്ലിസ്റ്റ് തയ്യാറാക്കുകയും അതിൽനിന്നും നിയമനം ലഭിക്കാതെ വരികയും ചെയ്യുന്ന സാഹചര്യം ഒഴിവാക്കുന്നതിന് എച്ച്.എസ്.എസ്.ടി. ജൂനിയർ തസ്തിക എൻട്രിപോസ്റ്റായി കണക്കാക്കി ആയതിലേക്ക് നേരിട്ടും/എൽ.പി.എസ്.എ./യു.പി.എസ്.എ./എച്ച്. എസ്.എ. എന്നിവയിൽ നിന്നും ബൈ ട്രാൻസ്ഫർ മുഖേനയും റേഷ്യോ അടിസ്ഥാന ത്തിൽ നിയമനം നടത്തുന്നതിനും ഇതിന്റെ പ്രൊമോഷൻ തസ്തികയായി മാത്രം എച്ച്.എസ്.എസ്.ടി. സീനിയർ തസ്തികയെ പരിഗണിക്കുവാനും, സീനിയർ തസ്തികയി ലേക്ക് നേരിട്ടോ/ബൈ ട്രാൻസ്ഫർ മുഖേനയോ നിയമനം നടത്തേണ്ടതില്ലായെന്നും സമിതി അഭിപ്രായപ്പെട്ടു. ഈ രീതിയിൽ നിയമനനടപടികൾ ക്രമീകരിക്കുന്നതിന് സ്പെഷ്യൽ റൂൾസിൽ ഭേദഗതി വരുത്തുന്നതിന് നടപടി സ്വീകരിക്കാൻ നിർദ്ദേശിക്കു കയും ചെയ്തു.

സമിതി ശുപാർശകളിൻമേൽ സ്വീകരിച്ച നടപടികളെ സംബന്ധിച്ച് പൊതു വിദ്യാഭ്യാസ (യു) വകുപ്പിൽ നിന്നും 29-2-2012-ലെ 71556/യു.1/11/പൊ.വി.വ. നമ്പർ കത്ത് പ്രകാരമുള്ള റിപ്പോർട്ട് ഇപ്രകാരമാണ് :

സമിതിയുടെ ഒന്നാമത്തെ ശുപാർശയിൻമേൽ സ്പെഷ്യൽ റൂൾസ് വരുന്നതിനുമുൻപ് നിലവിലിരുന്ന ഉത്തരവ് ലംഘിച്ചുകൊണ്ട് എച്ച്.എസ്.എസ്.ടി. (മാത്തമാറ്റിക്സ്) തസ്തികയിലേയ്ക്ക് തസ്തികമാറ്റംവഴി നിയമനം നടത്തിയിട്ടുണ്ടെങ്കിൽ ആ തസ്തികകൾകൂടി നേരിട്ടുള്ള നിയമനത്തിന് വേണ്ടി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാൻ 18-2-2012-ലെ 71556/യു.1/11/പൊ.വി.വ. നമ്പർ കത്തുമുഖേന സർക്കാർ ഹയർ സെക്കന്ററി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**സമിതിയുടെ രണ്ടാമത്തെ ശുപാർശയായ സ്പെഷ്യൽ റൂൾ ഭേദഗതിയിൻമേൽ കരട് ചട്ടങ്ങൾ തയ്യാറാക്കി സർക്കാരിലേയ്ക്ക് സമർപ്പിക്കുവാനും പ്രസ്തുത കത്ത് മുഖേന ഹയർ സെക്കന്ററി ഡയറക്ടറോട് അഭ്യർത്ഥിച്ചിട്ടുണ്ട്.**

മേൽപ്പറഞ്ഞ റിപ്പോർട്ട് പരിഗണിക്കുന്നതിലേക്കും റിപ്പോർട്ടിൽ പരാമർശച്ചിരിക്കുന്ന വിഷയം സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾ ലഭ്യമാക്കുന്നതിലേയ്ക്കുമായി ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 28-3-2012-ന് പൊതുവിദ്യാഭ്യാസ സെക്രട്ടറിയിൽ നിന്നും വീണ്ടും തെളിവെടുപ്പ് നടത്തുകയുണ്ടായി.

തെളിവെടുപ്പുമായി ബന്ധപ്പെട്ട് പൊതുവിദ്യാഭ്യാസ (യു) വകുപ്പിൽ നിന്നും സമിതിയ്ക്കു സമർപ്പിച്ച റിപ്പോർട്ടിന്റെ പ്രസക്തഭാഗം ചുവടെ ചേർക്കുന്നു.

**സ്പെഷ്യൽ റൂൾസ് നിലവിൽ വരുന്നതിന് മുമ്പ് 1991 മുതൽ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ 27-7-1990-ലെ സ.ഉ. (എംഎസ്.) നമ്പർ 1381/90/ പൊ.വി.വ. ഉത്തരവ് പ്രകാരം സർക്കാർ സ്കൂളുകളിൽ ജോലി നോക്കിയിരുന്ന യോഗ്യരായ അദ്ധ്യാപകരെ സ്പെഷ്യൽ റൂൾ നിലവിൽ വരുന്നതുവരെ താത്ക്കാലികമായി നിയമിക്കുവാൻ തീരുമാനിച്ചിരുന്നു. ഇതിൻപ്രകാരം 13-5-1998 വരെ ഹയർ സെക്കന്ററി സ്കൂളുകളിൽ അദ്ധ്യാപകരെ ഇത്തരത്തിൽ നിയമിച്ചു. 13-5-1998-ലെ സ.ഉ. (എംഎസ്.) നമ്പർ 162/98/പൊ.വി. ഉത്തരവ് പ്രകാരം ഹയർ സെക്കന്ററി അദ്ധ്യാപകരുടെ നിയമന രീതികളെക്കുറിച്ചുള്ള ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ 25% ഒഴിവുകൾ യോഗ്യരായ എച്ച്.എസ്.എ./യു.പി.എസ്.എ./എൽ.പി.എസ്.എ. അദ്ധ്യാപകരിൽ നിന്നും 75% പി.എസ്.സി.വഴി നേരിട്ടുള്ള നിയമനംവഴി നികത്തണമെന്നും നിഷ്കർഷിച്ചിരുന്നു. ഈ സർക്കാർ ഉത്തരവിനെതിരെ സമർപ്പിച്ച കേസുകളിൽ സുപ്രീംകോടതിയുടെ 4-11-2000-ലെ വിധി നിർദ്ദേശങ്ങൾക്ക് അനുസൃതമായി 13-5-1998-ന് മുൻപ് ഹയർ സെക്കന്ററിയിൽ നിയമിതരായ എല്ലാ അദ്ധ്യാപകരേയും അവരുടെ നിശ്ചിത യോഗ്യതയുടെ അടിസ്ഥാനത്തിൽ സർവ്വീസിൽ തുടരുന്നുണ്ടെങ്കിൽ റഗുലറൈസ് ചെയ്യുവാൻ തീരുമാനിച്ചു. ഈ ഉത്തരവിന്റെ വെളിച്ചത്തിൽ വിവിധ വിഷയങ്ങളിലായി 1437 ഹയർ സെക്കന്ററി അദ്ധ്യാപകരുടെ നിയമനം സ്ഥിരപ്പെടുത്തി. ഈ 1437 അദ്ധ്യാപകരിൽ 97 അദ്ധ്യാപകർ മാത്തമാറ്റിക്സ് വിഷയത്തിൽ ഉൾപ്പെടുന്നവരാണ്. ഈ 97 പേരുടെ നിയമനം ശരിയല്ല എന്നും അതിൽ റേഷ്യോ പാലിച്ചിട്ടില്ലയെന്നുമുള്ളതാണ് പരാതിയിലെ പ്രധാന പരാമർശം. സ്പെഷ്യൽ റൂൾസ് വരുന്നതിന് മുമ്പ് നിലവിലിരുന്ന ഉത്തരവ് ലംഘിച്ചുകൊണ്ട് എച്ച്.എസ്.എസ്.ടി. (മാത്തമാറ്റിക്സ്) തസ്തികയിലേക്ക് തസ്തികമാറ്റ നിയമനം നടത്തിയിട്ടുണ്ടെങ്കിൽ ആ തസ്തികകൾ കൂടി നേരിട്ടുള്ള നിയമനത്തിനുവേണ്ടി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുവാൻ ബഹു.നിയമസഭാ പിന്നോക്ക സമുദായക്ഷേമ സമിതി നിർദ്ദേശിച്ചിട്ടുണ്ട്.**

**മേൽവിവരിച്ച പ്രകാരം ബഹു. സുപ്രീംകോടതിവിധിയുടെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവുകളും നിർദ്ദേശങ്ങളും അനുസരിച്ച് മാത്രമാണ് ഹയർ സെക്കന്ററി സ്പെഷ്യൽ റൂൾസ് നിലവിൽവരുന്നതിന് മുൻപ് മാത്തമാറ്റിക്സ് വിഷയത്തിലെ 97 അദ്ധ്യാപകർ ഉൾപ്പെടെ വിവിധ വിഷയത്തിലെ 1437 അദ്ധ്യാപകരുടെ നിയമനം ക്രമപ്പെടുത്തിയിട്ടുള്ളത്. 2-12-2004-ലെ എ.ഡിബി. 1/11048/01/ എച്ച്.എസ്.ഇ. നടപടിക്രമം പ്രകാരം ആണ് നിയമനങ്ങൾ ക്രമവത്ക്കരിച്ചത്. ക്രമവിരുദ്ധമായി ഒരു നിയമനവും നൽകിയിട്ടില്ലാ എന്നും സർക്കാർ നിർദ്ദേശങ്ങൾ അനുസരിച്ച്**

**മാത്രമാണ് ഈ നിയമനങ്ങൾ ക്രമീകരിച്ചതെന്നും അറിയിച്ചുകൊള്ളുന്നു. സ്പെഷ്യൽ റൂൾസിന് മുൻപ് നടത്തിയ മാത്തമാറ്റിക്സിലെ 97 അദ്ധ്യാപകരുടെ നിയമനം മാത്രമായി പുനഃപരിശോധിക്കുന്നത് താഴെപ്പറയുന്ന കാരണങ്ങളാൽ പ്രായോഗികമ ല്ലെന്നും ഭരണപരമായ ബുദ്ധിമുട്ടുകൾ ഉളവാക്കുന്നതാണെന്നും ബോധിപ്പിച്ചു കൊള്ളുന്നു.**

**സമിതിയുടെ രണ്ടാമത്തെ ശുപാർശ സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്യണമെന്നുള്ളത് ആണ്. ഇക്കാര്യത്തിൽ സമിതിയുടെ ശുപാർശയുടെ അന്തഃസത്ത ഉൾക്കൊണ്ടുകൊണ്ട് ഇതിനുള്ള വിശദമായ നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിന് ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ ഒരു സെൽ ഇതിനകം രൂപീകരിച്ചുകഴിഞ്ഞു. പ്രസ്തുത നിർദ്ദേശങ്ങൾ സർക്കാരിൽ ലഭിച്ചു ക ഴിഞ്ഞാൽ സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്യുന്നതിനുള്ള നിലവിലുള്ള നടപടിക്രമ ങ്ങൾ പാലിച്ചുകൊണ്ട് ഇക്കാര്യത്തിൽ തീരുമാനം കൈക്കൊള്ളുന്നതാണ്.**

**നിയമസഭാ സമിതിയുടെ കണ്ടെത്തലുകളുടെ വെളിച്ചത്തിൽ എല്ലാ വിഷയങ്ങളിലും ഇത്തരത്തിലുള്ള പ്രശ്നങ്ങൾ ഉരുത്തിരിയാൻ സാധ്യത ഉള്ളതിനാൽ സ്പെഷ്യൽ റൂളിൽ ഒരു ഭേദഗതി (എക്സിക്യൂട്ടീവ് ഓർഡേഴ്സ്) വരുത്തി ബൈട്രാൻസ്ഫർ പ്രൊമോഷൻ നടത്തുന്നതിനുമുൻപ് നിലവിലുള്ള പി.എസ്.സി. ലിസ്റ്റിലെ ഉദ്യോഗാർത്ഥികൾക്ക് പരിഗണന നൽകുന്നതിനുള്ള നിർദ്ദേശം മന്ത്രിസഭ മുൻപാകെ സമർപ്പിച്ച് ഉത്തരവാകേണ്ടിയിരിക്കുന്നു. ഈ വിഷയത്തിൽ അനൗദ്യോഗി കമായി നിയമ വകുപ്പുമായി ബന്ധപ്പെട്ടപ്പോൾ ഇതിനുമുൻപ് കാലഹരണപ്പെട്ട പി.എസ്.സി. ലിസ്റ്റിലെ ഉദ്യോഗാർത്ഥികൾക്കും പരിഗണന നൽകേണ്ടിവരുമെന്ന് അഭിപ്രായപ്പെടുകയുണ്ടായി.**

സ്പെഷ്യൽ റൂളിൽ ഭേദഗതി വരുത്തി നിലവിലുള്ള പി.എസ്.സി. റാങ്ക്ലിസ്റ്റിലെ ഉദ്യോഗാർത്ഥികൾക്ക് പരിഗണന കൊടുക്കുന്നരീതിയിലുള്ള നിർദ്ദേശം ഉദ്യോഗസ്ഥഭരണപരിഷ്ക്കാരം, നിയമം എന്നീ വകുപ്പുകളുടെ അഭിപ്രായം ലഭിച്ചതിനു ശേഷം മന്ത്രിസഭയുടെ പരിഗണനയ്ക്കായി സമർപ്പിക്കുമെന്ന് പൊതുവിദ്യാഭ്യാസ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി 28-3-2012-ലെ സമിതിയുടെ തെളിവെടുപ്പ് യോഗത്തിൽ അറിയി ക്കുകയുണ്ടായി.

1999-ൽ ബൈ ട്രാൻസ്ഫർ പ്രൊമോഷൻ നൽകി എച്ച്.എസ്.എസ്.ടി. (മാത്തമാറ്റിക്സ്) സീനിയർ തസ്തികയിലേക്ക് നിയമിച്ച 97 പേരെ സുപ്രീംകോടതി ഉത്തരവിനു വിധേയമായി റഗുലറൈസ് ചെയ്തപ്പോൾ 1998-ലെ സർക്കാർ ഉത്തരവിലും സ്പെഷ്യൽ റൂൾസിലും നിഷ്കർഷിച്ചിരുന്നപ്രകാരം എച്ച്.എസ്.എസ്.ടി. സീനിയർ തസ്തികയിലെ നിയമനങ്ങളിലെ 75% പി.എസ്.സി. റാങ്ക്ലിസ്റ്റിൽനിന്നും നേരിട്ടു നിയമനം നടത്തണമെന്ന വ്യവസ്ഥ പാലിക്കാത്തതുകൊണ്ടു പി.എസ്.സി. റാങ്ക്ലിസ്റ്റിലെ ഉദ്യോഗാർത്ഥികൾക്കുണ്ടായ നിയമനനഷ്ടം നികത്തുന്നതി ലേക്കായി നിലവിലുള്ള പി.എസ്.സി. റാങ്ക്ലിസ്റ്റിൽ നിന്നും നിയമനം നടത്തി നഷ്ടം ക്രമീകരിക്കാമായിരുന്നുവെന്നും സമിതി അഭിപ്രായപ്പെട്ടു.

നിലവിലുള്ള എച്ച്.എസ്.എസ്.ടി.-സീനിയർ റാങ്ക്ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾ ഈ അനോമലി പരിഹരിക്കുന്നതിനായി വളരെ മുൻപുതന്നെ പൊതുവിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ടിരുന്നുവെങ്കിലും ആയതിന് പരിഹാരമുണ്ടാകാത്തതിനാലാണ്

വിഷയം സമിതിയുടെ മുന്നിലെത്തിയത്. ഈ വിഷയത്തിൽ പരസ്പരവിരുദ്ധമായ വിവരങ്ങളാണ് സമിതിക്കുപോലും വകുപ്പിൽ നിന്നും നൽകിവന്നിരുന്നതെന്നും പൊതുവിദ്യാഭ്യാസ സെക്രട്ടറിയിൽനിന്നും തെളിവെടുപ്പു നടത്തിയതിനുശേഷമാണ് ഇപ്രകാരം അനീതി നടന്നതായി ബോധ്യപ്പെടുത്താനായത് എന്നും സമിതി അഭിപ്രായപ്പെടുകയുണ്ടായി.

എച്ച്.എസ്.എ./എൽ.പി.എസ്.എ./യു.പിഎസ്.എ. എന്നീ വിഭാഗങ്ങളിൽ നിന്നുമുള്ള ബൈട്രാൻസ്ഫർ പ്രൊമോഷനായി 28 ഒഴിവുകൾ നീക്കിവച്ചിരുന്നതായാണ് സമിതിക്ക് റിപ്പോർട്ട് നൽകിയിരുന്നതെന്നും എന്നാൽ ഹയർ സെക്കന്ററി ഡയറക്ടറേറ്റിന്റെ വെബ്സൈറ്റിൽ 20 ഒഴിവുകളിലേക്കാണ് ബൈട്രാൻസ്ഫർ പ്രൊമോഷനുവേണ്ടി അപേക്ഷ ക്ഷണിച്ചിരിക്കുന്നത് എന്നും കാണുന്നുവെന്നും ഇപ്പോൾ ഒഴിവുകൾ ഒന്നും തന്നെ നിലവിലില്ലായെന്നാണ് പറയുന്നതെന്നും ഇപ്രകാരം പരസ്പരവിരുദ്ധമായ വിവരങ്ങളാണ് വകുപ്പ് സമിതിക്ക് നൽകിക്കൊണ്ടിരിക്കുന്നതെന്നും സമിതി വ്യക്തമാക്കുകയുണ്ടായി.

എച്ച്.എസ്.എ./എൽ.പി.എസ്.എ./യു.പി.എസ്.എ. എന്നീ വിഭാഗങ്ങളിൽ നിന്നുള്ള ബൈട്രാൻസ്ഫർ പ്രൊമോഷനായുള്ള ആകെയുള്ള 25 ശതമാനമായ 169 എണ്ണത്തിൽ 145 എണ്ണത്തിൽ നിയമനം നടത്തിയിട്ട് ബാക്കി 24 ഒഴിവുകളുണ്ടായിരുന്നുവെന്നും അതിൽ ഹെഡ്മാസ്റ്റർ പ്രൊമോഷന്റെ 4 ഒഴിവുകൾ കുറച്ചിട്ട് ബാക്കിയുള്ള 20 ഒഴിവുകളാണ് വെബ്സൈറ്റിൽ കാണിച്ചിട്ടുള്ളതെന്നും ഹയർ സെക്കന്ററി ഡയറക്ടർ സമിതിയെ അറിയിക്കുകയുണ്ടായി.

എച്ച്.എസ്.എസ്.ടി. സീനിയർ മാത്തമാറ്റിക്സ് തസ്തികയിൽ നിലവിൽ ഒഴിവുകൾ ഇല്ലാത്തതിനാൽ പി.എസ്.സി. റാങ്ക്ലിസ്റ്റിൽ നിന്നും റേഷ്യോ ക്രമീകരിക്കുന്നതിനായി നിയമനം നടത്തേണ്ടിവന്നാൽ ബൈട്രാൻസ്ഫർ പ്രൊമോഷൻ വഴി നിയമനം ലഭിച്ചവരെ "റിവേർട്ട്" ചെയ്യേണ്ടിവരുമെന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ സമിതിയെ അറിയിക്കുകയുണ്ടായി.

ബൈട്രാൻസ്ഫർ പ്രൊമോഷനിലൂടെ സ്ഥാനക്കയറ്റം ലഭിച്ചവരെ "റിവേർട്ട്" ചെയ്തുകൊണ്ട് പി.എസ്.സി. റാങ്ക്ലിസ്റ്റിൽ നിന്നും നിയമനം നടത്തണമെന്ന അഭിപ്രായം സമിതിക്കില്ലാത്തതിനാൽ "റിവേർഷൻ" ഒഴിവാക്കുന്നതിനുവേണ്ട രീതിയിലുള്ള നടപടിക്രമങ്ങൾ വകുപ്പുതലത്തിൽ സ്വീകരിക്കണമെന്നും ആവശ്യമെങ്കിൽ ബൈട്രാൻസ്ഫർ പ്രൊമോഷൻ കുറച്ച് കാലത്തേക്ക് നിർത്തിവയ്ക്കുന്നതിനും നിലവിലുള്ള റൂൾസ് അതിന് അനുവദിക്കുന്നില്ലെങ്കിൽ റൂൾസിൽ ഭേദഗതി വരുത്തണമെന്നും സമിതി നിർദ്ദേശിക്കുകയുണ്ടായി.

എച്ച്.എസ്.എസ്.ടി. സീനിയർ തസ്തികകളുടെ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ പ്പെട്ടവർക്ക് അർഹമായ തസ്തികകളിൽ നിയമനം നൽകാതിരിക്കുന്നത് തൊഴിൽരഹിതരായ അഭ്യസ്തവിദ്യരോടും അതിലുപരി പ്രസ്തുത റാങ്ക്ലിസ്റ്റിൽ ഉൾപ്പെട്ട പിന്നോക്ക വിഭാഗ ഉദ്യോഗാർത്ഥികളോടും കാട്ടിയ കടുത്ത അനീതിയായി സമിതി വിലയിരുത്തുകയും അടിയന്തിരമായി സ്പെഷ്യൽ റൂളിൽ ഭേദഗതി വരുത്തി ബൈട്രാൻസ്ഫർ പ്രൊമോഷൻ നടത്തുന്നതിന് മുൻപ് പി.എസ്.സി. റാങ്ക്ലിസ്റ്റിലെ ഉദ്യോഗാർത്ഥികൾക്ക് പരിഗണന നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശക്തമായി ശുപാർശ ചെയ്യുകയും ഇത് സംബന്ധിച്ചുള്ള വിശദമായ റിപ്പോർട്ട് അടിയന്തിരമായി സമിതിയ്ക്ക് ലഭ്യമാക്കണമെന്നും, സ്പെഷ്യൽ റൂളിൽ ഭേദഗതി വരുത്തി

നിലവിലുള്ള പി.എസ്.സി. ലിസ്റ്റിലെ ഉദ്യോഗാർത്ഥികൾക്ക് പരിഗണന നൽകുന്നതിനുള്ള നിർദ്ദേശം ഏറ്റവും അടുത്ത മന്ത്രിസഭായോഗത്തിനു മുൻപാകെ സമർപ്പിച്ച് അടിയന്തിര നടപടികൾ സ്വീകരിക്കണമെന്നും നിർദ്ദേശിക്കുകയുണ്ടായി.

സമിതി നിർദ്ദേശപ്രകാരം സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന റിപ്പോർട്ട് 10-4-2012-ലെ 71556/യു.1/2011/പൊ.വി.വ. നമ്പർ കത്തുപ്രകാരം പൊതു വിദ്യാഭ്യാസ വകുപ്പിൽ നിന്നും സമിതിക്കു ലഭ്യമായി. പ്രസ്തുത റിപ്പോർട്ടിലെ പ്രസക്തഭാഗം ചുവടെ ചേർക്കുന്നു.

**"സമിതിയുടെ ശുപാർശയിൻമേൽ ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാര വകുപ്പ് താഴെപ്പറയുന്ന ഉപദേശം നൽകിയിരിക്കുകയാണ്:**

**13-5-1998-ലെ ജി.ഒ. (എംഎസ്.) 162/98/പൊ.വി.വ. സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിരുന്ന എച്ച്.എസ്.എസ്.ടി. തസ്തിക നികത്തുന്നതിനുള്ള നിയമന വ്യവസ്ഥകൾ പാലിക്കാതെ പി.എസ്.സി. മുഖാന്തിരം നേരിട്ട് നിയമനം നടത്തേണ്ട 75% തസ്തികകളിൽ ബൈട്രാൻസ്ഫർ നിയമനം നടത്തിയതാണ് ഇപ്പോഴത്തെ അവസ്ഥയ്ക്ക് കാരണമായിട്ടുള്ളത്. ഇപ്രകാരം അധികമായി നടത്തിയിട്ടുള്ള നിയമനങ്ങളെ സംബന്ധിച്ച് 14-11-2000-ലെ M. M. Polichan and Others Vs. State of Kerala and Others [(2001) ISCC 151] എന്ന കേസിൽ ഇപ്രകാരം ഉത്തരവായി. "All the teachers who have been appointed also in the government Schools pursuant to the Order dated 1-2-1999 shall also held to be duly appointed and those appointment will not be annulled. If there has been any appointment made pursuant to the Government Order of 13-5-1998 as on today those appointments also would continue and will not be annulled". ഇതിന്റെ അടിസ്ഥാനത്തിൽ 25-11-2000-þse ജി.ഒ. (എംഎസ്.) നമ്പർ 389/2000/പൊ.വി.വ. 11-4-2004-þse ജി.ഒ. (എംഎസ്.) നമ്പർ സർക്കാർ ഉത്തരവുകൾ പ്രകാരം ട്രാൻസ്ഫർ നിയമനം ലഭിച്ച അദ്ധ്യാപകരെ റെഗുലറൈസ് ചെയ്യാൻ ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർക്ക് അനുമതി നൽകി. ഈ സാഹചര്യത്തിൽ ന.ഫ. ഖണ്ഡിക 95(1)-ൽ ഭരണ വകുപ്പ് ആവശ്യപ്പെട്ടിരിക്കുന്ന സ്പഷ്ടീകരണം "പി.എസ്.സി. മുഖേന നികത്തേണ്ടിയിരുന്ന ഒഴിവുകൾ തസ്തികമാറ്റംവഴി നികത്തിയിട്ടുണ്ടെങ്കിൽ അങ്ങനെ അധികമായി നികത്തപ്പെട്ട ഒഴിവുകൾ നിലവിലുള്ള സ്പെഷ്യൽ റൂളിലെ വ്യവസ്ഥകളിൽ ഇളവുവരുത്തിക്കൊണ്ട് പി.എസ്.സി. മുഖേന നികത്താൻ സാധിക്കുമോ" എന്ന കാര്യത്തിൽ സുപ്രീംകോടതിവിധിയുടെ സാഹചര്യത്തിൽ നിയമവകുപ്പുമായി കൂടിയാലോചിച്ച് ഉചിതമായ തീരുമാനമെടുക്കാവുന്നതും അപ്രകാരം തീരുമാനിക്കുന്നപക്ഷം മന്ത്രിസഭയുടെ അംഗീകാരത്തോടെ വിശദമായ ഉത്തരവ് പുറപ്പെടുവിക്കേണ്ടതുമാണ്. അധികമായി ട്രാൻസ്ഫർ നിയമനംവഴി നിയമിക്കപ്പെട്ടവരെ പഴയ ലാവണത്തിലേക്കയയ്ക്കണോ, അതോ ഈ കുറവ് പരിഹരിക്കപ്പെടുന്നതുവരെ സ്പെഷ്യൽ റൂളിലെ ഒന്നാമത്തെ നിയമനരീതിയായ എച്ച്.എസ്.എസ്.ടി. ജൂനിയറിൽ നിന്നുമുള്ള ബൈട്രാൻസ്ഫർ വഴി നികത്തേണ്ട ഒഴിവുകൾ ഇതിലേക്കായി മാറ്റിവയ്ക്കണോ എന്നു തീരുമാനിക്കേണ്ടതാണ്. ഭാവിയിലെ ബൈട്രാൻസ്ഫർ ഒഴിവുകളിൽ നിന്നും ഈ കുറവു പരിഹരിക്കാൻ തീരുമാനിച്ചാൽ നിലവിലുള്ള സ്പെഷ്യൽ റൂളിൽ ഭേദഗതി വരുത്തേണ്ടതായി വരും. അതിനുശേഷം മാത്രമേ ഒഴിവുകൾ**

**പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്യാനാകൂ. ഇപ്രകാരം തീരുമാനിക്കുന്നപക്ഷം എല്ലാ തസ്തികകൾക്കും ബാധകമാക്കുന്നതായിരിക്കും ഉചിതം. കാലഹരണപ്പെട്ട റാങ്ക്ലിസ്റ്റി ലുണ്ടായിരുന്നവരെ ഇതിനായി പരിഗണിക്കാനാകില്ല. നിലവിലുള്ള റാങ്ക്ലിസ്റ്റിലുള്ള വരെ പരിഗണിച്ചാൽ മതിയാകും.**

**ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാര വകുപ്പിന്റെ മേൽ ഉപദേശത്തിന്റെ അടിസ്ഥാന ത്തിൽ അടുത്ത നടപടിയായി നിയമവകുപ്പിന്റെ ഉപദേശം തേടേണ്ടതുണ്ട്.**

പ്രസ്തുത ലിസ്റ്റുകളിൽ നിന്നുമുള്ള നിയമനവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികളെക്കുറിച്ചുള്ള വിശദാംശങ്ങൾ ആരായുന്നതിനായി 11-4-2012 സമിതി പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയിൽനിന്നും തെളിവെടുപ്പ് നടത്തുകയുണ്ടായി.

നിശ്ചിത റേഷ്യോ പാലിക്കാതെ സ്ഥാനക്കയറ്റം മുഖേന എച്ച്.എസ്.എസ്.ടി സീനിയർ തസ്തികയിലെ ഒഴിവുകൾ നികത്തിയത് റാങ്ക് ലിസ്റ്റിൽനിന്നും നിയമനം കാത്തിരിക്കുന്നവരോട് കാണിച്ച അനീതിയാണെന്നതിനാൽ, നീതി നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന സമിതി ശുപാർശയുടെ അടിസ്ഥാനത്തിൽ പി.&എആർ.ഡി.യുടെയും നിയമവകുപ്പിന്റെയും ഉപദേശം തേടിയിരുന്നുവെന്നും പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

1999 വരെ അധികമായി നടത്തിയിട്ടുള്ള സ്ഥാനക്കയറ്റങ്ങൾക്ക് തുല്യമായ ഒഴിവു കളിൽ പി.എസ്.സി. ലിസ്റ്റിൽനിന്നും നിയമനം നടത്തണമെന്ന ഉപദേശം പി.&എ.ആർ.ഡി.യിൽനിന്നും ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ സ്പെഷ്യൽ റൂൾസ് സസ്പെൻഡ് ചെയ്യുന്നതിനായി നിയമവകുപ്പിന്റെ അനുമതിയ്ക്കായി ഫയൽ സമർപ്പിച്ച തിനുശേഷം മന്ത്രിസഭയുടെ അനുമതിക്കായി ഫയൽ സമർപ്പിക്കുന്നതാണെന്നും പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി സമിതിയെ ബോധിപ്പിക്കുകയുണ്ടായി.

സമിതിക്ക് ലഭ്യമാക്കിയ റിപ്പോർട്ടിൽ ബൈ ട്രാൻസ്ഫർ പ്രൊമോഷൻ മുഖേന നികത്തുന്നതിനായി 28 ഒഴിവുകൾ നിലവിലുണ്ടെന്ന് പറഞ്ഞിരുന്നത് പിന്നീട് 20 ഒഴിവുകൾ എന്ന് തിരുത്തി നൽകുകയുണ്ടായെന്നും പ്രസ്തുത ഒഴിവുകൾ റാങ്ക് ലിസ്റ്റിൽനിന്നും നേരിട്ട് നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്നും സമിതി ആരായുകയുണ്ടായി.

നിലവിലുള്ള 20 ബൈ ട്രാൻസ്ഫർ ഒഴിവുകൾ നികത്തുന്നതിനായി എച്ച്.എസ്.എ. മാരിൽനിന്നും അപേക്ഷ ക്ഷണിച്ചിരിക്കുകയാണെന്നും മൊത്തം 75% ത്തിലാണ് നേരിട്ട് നിയമനം നടത്തേണ്ടതെന്നും പുതിയ ബാച്ചുകൾ അനുവദിച്ചതിന്റെ ഫലമായി 150 തസ്തികകൾ സൃഷ്ടിക്കുകയാണെങ്കിൽ ഈ പ്രശ്നം അവസാനിക്കുമെന്ന് കരുതുന്ന തായും പൊതുവിദ്യാഭ്യാസ സെക്രട്ടറി സമിതിയെ അറിയിക്കുകയുണ്ടായി.

നിയമവകുപ്പിന്റെ അഭിപ്രായം തേടിയശേഷം അതുകൂടി ഉൾപ്പെടു ത്തിയ ഫയൽ മന്ത്രിസഭാ യോഗത്തിനു മുൻപാകെ സമർപ്പിക്കുമെന്നും, മന്ത്രിസഭയുടെ അനുമതി ലഭിച്ചാൽ 24 മണിക്കൂറിനുള്ളിൽ തുടർനടപടികൾ സ്വീകരിക്കുമെന്നും മന്ത്രിസഭാതീരുമാനം അനുകൂലമാണെങ്കിൽ ഏപ്രിൽ 30-ന് മുൻപായി അഡ്വൈസ് മെമ്മോ അയയ്ക്കാൻ കഴിയുമെന്നും പൊതുവിദ്യാഭ്യാസ സെക്രട്ടറി അറിയിക്കുകയുണ്ടായി.

സ്പെഷ്യൽ റൂൾസ് ഭേദഗതി വരുത്തുകയും പുതുതായി ബാച്ച് അനുവദിച്ചതുമൂലമുണ്ടാകുന്ന ഒഴിവുകൾകൂടി കണക്കിലെടുത്തുകൊണ്ട് റാങ്ക്ലിസ്റ്റിൽനിന്നും നിയമനം നടത്തുകയും ചെയ്യുകയാണെങ്കിൽ മാത്രമേ നിലവിലുള്ള ഒഴിവുകൾക്ക് അഡ്വൈസ് അയയ്ക്കുവാൻ സാധിക്കുകയുള്ളു എന്നു സമിതി കണ്ടെത്തുകയുണ്ടായി.

ഇക്കാര്യത്തിന്മേലുള്ള പുരോഗതിയെക്കുറിച്ച് 26-4-2012-ൽ ചേർന്ന സമിതിയുടെ തെളിവെടുപ്പ് യോഗം വിലയിരുത്തി. 11-4-2012-ലെ തെളിവെടുപ്പ് യോഗത്തിനുശേഷം ഫയൽ അന്നേദിവസംതന്നെ നിയമവകുപ്പിലേയ്ക്ക് ഉപദേശത്തിനായി അയയ്ക്കുകയുണ്ടായെന്നും നിയമവകുപ്പിൽനിന്നും ഫയൽ തിരികെ ലഭിച്ച ഉടൻതന്നെ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് മുഖ്യമന്ത്രിയുടെ അനുമതിയ്ക്കായി ഫയൽ അയച്ചിട്ടുണ്ടെന്നും, പ്രസ്തുത ഫയൽ മുഖ്യമന്ത്രിയുടെ ഉത്തരവ് സഹിതം ഇതുവരെയും വകുപ്പിൽ തിരികെ ലഭിച്ചിട്ടില്ലെന്നും ആയത് തിരികെ ലഭിക്കുന്ന മുറയ്ക്ക് അതിന്റെ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ അന്തിമ റിപ്പോർട്ട് സമർപ്പിക്കുന്നതാണെന്നും പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും അറിയിച്ചിരുന്നു.

ഒരു ഘട്ടത്തിൽ ആവശ്യത്തിന് സീനിയർ എച്ച്.എസ്.എസ്.ടി.മാർ ഇല്ലാതിരുന്ന സാഹചര്യത്തിൽ ബൈട്രാൻസ്ഫർ മുഖാന്തിരം എച്ച്.എസ്.എസ്.ടി. സീനിയർ തസ്തികയിൽ നിയമനം നടത്തേണ്ടിവന്നുവെന്നും, ആ രീതിതന്നെ ഇപ്പോഴും തുടർന്നുവരുന്നതിനാലാണ് നിലവിലുള്ള റാങ്ക്ലിസ്റ്റിൽനിന്നും സീനിയർ തസ്തികയിലേയ്ക്ക് പൂർണ്ണമായതോതിൽ നിയമനം നടത്താൻ കഴിയാത്തതെന്നും പൊതുവിദ്യാഭ്യാസ സെക്രട്ടറി അറിയിക്കുകയുണ്ടായി.

റാങ്ക്ലിസ്റ്റുകളിൽ നിന്നും ശരിയായ രീതിയിൽ നിയമനം നടത്താത്തതിൽ വകുപ്പിനും ഉത്തരവാദിത്വം ഉണ്ടെന്ന് സമിതിക്ക് ബോധ്യപ്പെട്ടിട്ടുണ്ട്. ആയതിനാൽ ഹയർ സെക്കന്ററിക്ക് അധിക ബാച്ച് അനുവദിക്കുകയാണെങ്കിൽ ബൈട്രാൻസ്ഫർ പ്രൊമോഷൻ താത്ക്കാലികമായി സസ്പെന്റ് ചെയ്ത് ആ തസ്തികയിൽകൂടി നിലവിലുള്ള റാങ്ക്ലിസ്റ്റിലുള്ളവർക്ക് നിയമനം നൽകിക്കൊണ്ട് നീതി നടപ്പാക്കണമെന്ന് സമിതി അഭിപ്രായപ്പെട്ടു.

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഭാഗത്തുണ്ടായ പിഴവുകാരണം നിയമനം ലഭിക്കാത്തവരെ മുഴുവൻ നിയമിക്കണമെന്ന് സമിതി ശക്തമായി ശുപാർശ ചെയ്യുകയുണ്ടായി.

സമിതിയുടെ ശുപാർശകൾ നടപ്പിലാക്കുന്നതിൽ ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാര വകുപ്പിന് അനുകൂല അഭിപ്രായമാണെങ്കിലും നിയമവകുപ്പ് ഇക്കാര്യത്തിൽ വ്യത്യസ്തമായാണ് അഭിപ്രായപ്പെട്ടിരിക്കുന്നതെന്ന് പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ച സാഹചര്യത്തിൽ ഈ വിഷയവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ കൂടുതൽ വ്യക്തതവരുത്തുന്നതിലേയ്ക്കായി നിയമവകുപ്പ് സെക്രട്ടറിയിൽനിന്നും പൊതുവിദ്യാഭ്യാസ വകുപ്പുസെക്രട്ടറിയിൽനിന്നും തെളിവെടുപ്പ് നടത്തുന്നതിന് സമിതി തീരുമാനിക്കുകയുണ്ടായി.

തുടർന്ന് നിയമവകുപ്പ് സെക്രട്ടറിയിൽനിന്നും പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയിൽനിന്നും 16-5-2012-ന് സമിതി തെളിവെടുപ്പ് നടത്തുകയുണ്ടായി.

സമിതി ശുപാർശകൾ സംബന്ധിച്ച് ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാര വകുപ്പിന്റെയും നിയമവകുപ്പിന്റെയും ഉപദേശം ലഭ്യമായതിനുശേഷം മന്ത്രിസഭ മുമ്പാകെ ഫയൽ സമർപ്പിക്കാമെന്നാണ് പൊതുവിദ്യാഭ്യാസ വകുപ്പിൽനിന്നും സമിതിക്ക് റിപ്പോർട്ട് നൽകിയതെന്നും എന്നാൽ അർഹതപ്പെട്ട ഒഴിവുകളിലേയ്ക്ക് റാങ്ക്‌ലിസ്റ്റിൽനിന്നും ഉള്ളവരെ പരിഗണിക്കുന്നതു സംബന്ധിച്ച് നിയമപരമായ തടസ്സം ഉള്ളതായി നിയമവകുപ്പ് ചൂണ്ടികാണിച്ചിട്ടുള്ളതായി പൊതുവിദ്യാഭ്യാസ വകുപ്പിൽനിന്നും അറിയിക്കുകയുണ്ടായെന്നും ഇക്കാര്യത്തിലുള്ള നിയമതടസ്സം എന്താണെന്ന് വ്യക്തമാക്കണമെന്നും നിയമവകുപ്പ് സെക്രട്ടറിയോട് സമിതി ആരായുകയുണ്ടായി.

14-11-2001-ലെ സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ റേഷ്യോ പാലിക്കാതെ ബൈട്രാൻസ്ഫർ പ്രൊമോഷൻമുഖേന നിയമിച്ച അദ്ധ്യാപകരെ റെഗുലറൈസ് ചെയ്യുകയുണ്ടായി. ആയതിനാൽ സുപ്രീം കോടതി വിധിക്ക് മുൻപ് നടന്ന നിയമനങ്ങൾ പുനഃപരിശോധിക്കാൻ സാധിക്കുകയില്ലെന്നാണ് നിയമവകുപ്പ് ഉപദേശം നൽകിയിരിക്കുന്നതെന്ന് നിയമവകുപ്പ് സെക്രട്ടറി സമിതിയെ ബോധിപ്പിക്കുകയുണ്ടായി.

സുപ്രീംകോടതിയിൽ വസ്തുതകൾ ശരിയായ രീതിയിൽ ബോധിപ്പിക്കാത്തതിനാലാണ് അപ്രകാരം വിധിവന്നിട്ടുള്ളതെന്നും, സുപ്രീംകോടതി വിധിപ്രകാരം റെഗുലറൈസ് ചെയ്ത നിയമനങ്ങൾ പുന:പരിശോധിക്കണമെന്ന് സമിതിക്ക് അഭിപ്രായം ഇല്ല എന്നും വകുപ്പിന്റെ ഭാഗത്തുനിന്നുമുള്ള വീഴ്ചനിമിത്തം ധാരാളം ഉദ്യോഗാർത്ഥികൾക്ക് അവസരം നിഷേധിക്കപ്പെട്ടിരിക്കുന്നത് അനീതിയാണെന്നും, പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള മിക്ക ഉദ്യോഗാർത്ഥികളും പ്രായപരിധി കഴിഞ്ഞവരായതുകൊണ്ട് മാനുഷിക മൂല്യത്തിന്റെ അടിസ്ഥാനത്തിൽ പ്രത്യേകമായി പരിഗണിച്ചുകൊണ്ട് നിയമനം നൽകാൻ നിയമപരമായി നിലനിൽക്കുന്ന തടസ്സം എന്താണെന്നും സമിതി ആരായുകയുണ്ടായി.

1475 അദ്ധ്യാപകരെയാണ് എച്ച്.എസ്.എസ്.ടി. തസ്തികകളിൽ റേഷ്യോ പാലിക്കാതെ നിയമിച്ചത്. ആയത് സുപ്രീംകോടതി വിധിക്കനുസൃതമായി റെഗുലറൈസ് ചെയ്തെന്നും ഇനി അത്രയും ഒഴിവുകൾ കണ്ടെത്താൻ ബുദ്ധിമുട്ടാണെന്ന് പൊതുവിദ്യാഭ്യാസ സെക്രട്ടറി ബോധിപ്പിക്കുകയുണ്ടായി.

സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ സ്ഥിരപ്പെടുത്തിയ അദ്ധ്യാപകരുടെ നിയമനത്തെ ബാധിക്കാത്ത രീതിയിൽ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് നിയമനം നടത്തുന്നതിന് നിയമപരമായ തടസ്സം എന്താണെന്ന് സമിതി ആരായുകയുണ്ടായി.

സുപ്രീംകോടതി വിധിക്കുമുമ്പുള്ള നിയമനങ്ങൾ പുനഃപരിശോധനയ്ക്ക് സാധ്യമല്ല എന്നതു മാത്രമാണ് ഇക്കാര്യത്തിലുള്ള നിയമതടസ്സമെന്നും റേഷ്യോ പാലിക്കപ്പെടാത്തതുകൊണ്ട് അവസരം നഷ്ടപ്പെട്ടവർക്ക് ഒഴിവുകൾവരുന്ന മുറയ്ക്ക് നിയമനം നടത്തുന്നതിന് സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്യുന്നകാര്യം ഒന്നുകൂടി പരിശോധിച്ചശേഷം റിപ്പോർട്ട് സമർപ്പിക്കുമെന്നും നിയമവകുപ്പ് സെക്രട്ടറി സമിതിക്ക് ഉറപ്പ് നൽകുകയുണ്ടായി.

പി.എസ്.സി. റാങ്ക്‌ലിസ്റ്റിൽനിന്നും നിയമനം ലഭിക്കുന്നതിന് തടസ്സമുണ്ടാകുന്ന രീതിയിൽ ബൈട്രാൻസ്ഫർ നിയമനങ്ങൾ നടത്തിയതിലും നിലവിലുള്ള ഒഴിവുകളെ

സംബന്ധിച്ച് വ്യക്തമായ വിവരങ്ങൾ സമിതിക്ക് ലഭ്യമാക്കാത്ത വകുപ്പിന്റെ നടപടി യിലും സമിതി അമർഷം രേഖപ്പെടുത്തുകയും ഈ വിഷയത്തിൽ സംഭവിച്ചിട്ടുള്ള അപാകതകൾ പരിഹരിക്കുന്നതിന് വകുപ്പുതലത്തിൽ കൂടുതൽ ശുഷ്ക്കാന്തിയോടെ പ്രവർത്തിക്കേണ്ടതുണ്ടെന്നും സമിതി അഭിപ്രായപ്പെടുകയുണ്ടായി.

## സമിതിയുടെ നിഗമനങ്ങൾ

1. 13-5-1998-ലെ ജി.ഒ. (എംഎസ്.)162/98/പൊ.വി.വ. സർക്കാർ ഉത്തരവിൽ നിഷ്ക്കർഷിച്ചിരുന്ന എച്ച്.എസ്.എസ്.ടി സീനിയർ തസ്തിക നികത്തുന്നതിനുള്ള നിയമന വ്യവസ്ഥകൾ പാലിക്കാതെ പി.എസ്.സി. മുഖാന്തിരം നേരിട്ട് നിയമനം നടത്തേണ്ട 75% തസ്തികകളിൽ ബൈട്രാൻസ്ഫർ നിയമനം നടത്തിയതുകൊണ്ട് പി.എസ്.സി. റാങ്ക്ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് അവസരനഷ്ടവും പിന്നോക്ക വിഭാഗങ്ങൾക്ക് സംവരണനഷ്ടവും ഉണ്ടായിട്ടുണ്ട്.

2. ബൈ ട്രാൻസ്ഫർ പ്രൊമോഷൻ മുഖേന നിയമനം ലഭിച്ച 1437 അദ്ധ്യാപകരെ സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ ക്രമപ്പെടുത്തിയപ്പോൾ തുടർന്നുവന്ന നിയമനങ്ങളിൽ റേഷ്യോ ക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാത്തത് പൊതു വിദ്യാഭ്യാസ വകുപ്പിന്റെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയാണ്. ഇപ്രകാരം വീഴ്ചയുണ്ടായ തായി പൊതുവിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥരും തെളിവെടുപ്പുവേളയിൽ സമ്മതി ക്കുകയുണ്ടായി.

3. റേഷ്യോ കൃത്യമായി പാലിക്കാത്തതുകൊണ്ട് ഉണ്ടായ നിയമനനഷ്ടം നിലവിലുള്ള റാങ്ക്ലിസ്റ്റിൽനിന്നും നിയമനം നടത്തുന്നതുവഴി പരിഹരിക്കുന്നതിനുവേണ്ട നടപടി, സ്പെഷ്യൽ റൂളിൽ ഭേദഗതിവരുത്തി, നിയമവകുപ്പ്, ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പ് എന്നിവയുടെ ഉപദേശത്തിനും മന്ത്രിസഭാ തീരുമാനത്തിനും വിധേയമായി അടിയന്തിരമായി സ്വീകരിക്കേണ്ടതുണ്ട്.

4. ബൈ ട്രാൻസ്ഫർ പ്രൊമോഷനിലൂടെ സ്ഥാനക്കയറ്റം ലഭിച്ചവരെ `റിവേർട്ട് ' ചെയ്തുകൊണ്ട് പി.എസ്.സി. റാങ്ക്ലിസ്റ്റിൽ നിന്നും നിയമനം നടത്തണമെന്ന അഭിപ്രായം സമിതിക്കില്ലാത്തതിനാൽ 'റിവേർഷൻ' ഒഴിവാക്കുന്നതിനുവേണ്ട നടപടിക്രമങ്ങൾ വകുപ്പുതലത്തിൽ സ്വീകരിക്കണമെന്നും ആവശ്യമെങ്കിൽ ബൈട്രാൻസ്ഫർ പ്രൊമോഷൻ കുറച്ചുകാലത്തേക്ക് നിർത്തിവയ്ക്കുന്നതിനും നിലവി ലുള്ള റൂൾസ് അതിന് അനുവദിക്കുന്നില്ലെങ്കിൽ സ്പെഷ്യൽ റൂൾസിൽ ഭേദഗതി വരുത്തേണ്ടതാണെന്നും സമിതി വിലയിരുത്തുകയുണ്ടായി.

5. എച്ച്.എസ്.എസ്.ടി. ജൂനിയർ തസ്തികയിൽ പ്രവേശനം ലഭിക്കുന്നവർക്ക് ഒന്നോ രണ്ടോ വർഷം കഴിയുമ്പോൾ സീനിയർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിക്കാ വുന്ന സാഹചര്യം ഉള്ളതുകൊണ്ടും, സീനിയർ തസ്തികയിൽ ഉണ്ടാകുന്ന മുഴുവൻ ഒഴിവുകളും യോഗ്യരായ ജൂനിയർ അദ്ധ്യാപകർക്ക് സ്ഥാനക്കയറ്റം നൽകി നിയമനം നടത്തിയതിനുശേഷം ബാക്കിയുള്ള ഒഴിവുകളിലേയ്ക്ക് മാത്രം 1:3 റേഷ്യോ പാലിച്ചു കൊണ്ട് പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നൽകുന്നുള്ളു എന്നതിനാലും എച്ച്.എസ്.എസ്.ടി. സീനിയർ തസ്തികയ്ക്ക് പ്രത്യേക റാങ്ക്ലിസ്റ്റ് തയ്യാറാക്കുന്നതിന് പ്രസക്തിയില്ല എന്നും സമിതി നിരീക്ഷിക്കുകയുണ്ടായി.

## സമിതിയുടെ ശുപാർശകൾ

1. എച്ച്.എസ്.എസ്.ടി. സീനിയർ തസ്തികകളുടെ പി.എസ്.സി. റാങ്ക് ലിസ്റ്റിൽപ്പെട്ടവർക്ക് അർഹമായ നിയമനം നൽകാതിരിക്കുന്നത് തൊഴിൽരഹിതരായ അഭ്യസ്തവിദ്യരോടും അതിലുപരി പ്രസ്തുത റാങ്ക്ലിസ്റ്റിൽ ഉൾപ്പെട്ട പിന്നോക്കവിഭാഗ ഉദ്യോഗാർത്ഥികളോടും കാട്ടിയ കടുത്ത അനീതിയായി സമിതി വിലയിരുത്തുന്നു. ആയതിനാൽ സുപ്രീംകോടതി വിധിക്കുമുമ്പ് നടത്തിയ നിയമനങ്ങൾ 16-4-2001-നു നിലവിൽവന്ന സ്പെഷ്യൽ റൂൾസിനുശേഷം റെഗുലറൈസ് ചെയ്തതിനാൽ 13-5-1998-ലെ G.O. (Ms.) No. 162/98/G.Edn. നമ്പർ ഉത്തരവിലെ 1:3 റേഷ്യോ അനുസരിച്ച് ലഭിക്കേണ്ടിയിരുന്ന തസ്തികകൾ കണക്കാക്കി നിയമനം നടത്തുന്നതിന് അടിയന്തിരമായി സ്പെഷ്യൽ റൂളിൽ ഭേദഗതിവരുത്തി ഇനി ബൈട്രാൻസ്ഫർ പ്രൊമോഷൻ നടത്തുന്നതിനുമുമ്പ് നിലവിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് പരിഗണന നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശക്തമായി ശുപാർശ ചെയ്യുന്നു.

2. എച്ച്.എസ്.എസ്.ടി. സീനിയർ തസ്തികയ്ക്ക് പ്രത്യേക റാങ്ക്ലിസ്റ്റ് തയ്യാറാക്കുകയും അതിൽനിന്നും നിയമനം ലഭിക്കാതെ പോകുകയും ചെയ്യുന്ന സാഹചര്യം ഒഴിവാക്കേണ്ടതുണ്ടെന്നുള്ളതുകൊണ്ട് എൻട്രികേഡറിൽ നിന്നും എച്ച്.എസ്.എസ്.ടി. സീനിയർ തസ്തികയെ ഒഴിവാക്കണമെന്നും നേരിട്ടും ബൈട്രാൻസ്ഫർ മുഖേനയുമുള്ള നിയമനങ്ങളും എച്ച്.എസ്.എസ്.ടി. (ജൂനിയർ) തസ്തികയ്ക്ക് മാത്രമായി പരിമിതപ്പെടുത്തുന്നതിനും ഇതിന്റെ പ്രൊമോഷൻ തസ്തികയായി മാത്രം സീനിയർ തസ്തികയെ പരിഗണിക്കുന്നതിനും ആവശ്യമായ ഭേദഗതികൾ സ്പെഷ്യൽ റൂളിൽ വരുത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുവാനും സമിതി ശുപാർശ ചെയ്യുന്നു.

3. 2010-ൽ അനുവദിച്ച സ്കൂളുകളിൽ 2011-12-ലെ അപ്ഗ്രഡേഷൻ മുഖേന 17 തസ്തികകൾ എച്ച്.എസ്.എസ്.ടി., മാത്തമാറ്റിക്സ് (സീനിയർ)ൽ സൃഷ്ടിക്കപ്പെടേണ്ടതായിട്ടുണ്ടെന്ന് തെളിവെടുപ്പുവേളയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയെ അറിയിക്കുകയുണ്ടായി. യോഗ്യരായ ജൂനിയർ അദ്ധ്യാപകർ ഉണ്ടെങ്കിൽ അവർക്ക് സ്ഥാനക്കയറ്റം നൽകിയതിനുശേഷം മാത്രമാണ് 1:3 റേഷ്യോ പാലിച്ചുകൊണ്ട് നിയമനം നടത്തുമെന്നതിനാൽ വളരെക്കുറച്ച് ഉദ്യോഗാർത്ഥികൾക്കുമാത്രമേ പി.എസ്.സി. മുഖാന്തിരം സീനിയർ എച്ച്.എസ്.എസ്.ടി.യായി നിയമനം ലഭിക്കുകയുള്ളൂ. ജൂനിയർ അദ്ധ്യാപകർ യോഗ്യത നേടിക്കഴിഞ്ഞതിനുശേഷം മാത്രം അപ്ഗ്രഡേഷൻ പോസ്റ്റുകൾ സൃഷ്ടിക്കുന്ന പ്രവണത ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉള്ളതായി സമിതിയുടെ ശ്രദ്ധയിൽപ്പെട്ടു. 2010-ൽ അനുവദിച്ച സ്കൂളുകളിൽ 2011-12 അദ്ധ്യയന വർഷംമുതൽ സീനിയർ ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചേഴ്സിന്റെ തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണെന്ന് സമിതി അനുമാനിക്കുന്നു. ഒരു വർഷമായിട്ടും ഈ തസ്തികകളിലേയ്ക്ക് നിയമനം നടന്നിട്ടില്ല. യോഗ്യരായ ജൂനിയർ അദ്ധ്യാപകർ ഈ തസ്തികയിൽ ഇല്ലാത്തതിനാലാണ് അപ്ഗ്രഡേഷൻ മുഖേന സീനിയർ എച്ച്.എസ്.എസ്.ടി. തസ്തികകൾ ഇതുവരെയും സൃഷ്ടിക്കപ്പെടാത്തതെന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ടിരിക്കുന്നു. ആയതിനാൽ അപ്ഗ്രഡേഷൻ മുഖേന സൃഷ്ടിക്കുന്ന തസ്തികകൾക്ക് 2011-12 അദ്ധ്യയനവർഷം മുതൽ മുൻകാലപ്രാബല്യം നൽകി പി.എസ്.സി.

റാങ്ക് ലിസ്റ്റിലുള്ള ഉദ്യോഗാർത്ഥികൾക്ക് പരിഗണന നൽകണമെന്ന് സമിതി ശക്തമായി ശുപാർശ ചെയ്യുന്നു.

4. റിപ്പോർട്ടിൽ പരാമർശിക്കുന്ന വിഷയങ്ങളുമായി ബന്ധപ്പെട്ട പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി അവസാനിക്കാറായതിനാൽ ഈ വിഷയത്തിന്മേലുള്ള സമിതി ശുപാർശ അടിയന്തിരമായി നടപ്പിലാക്കി 2012 ആഗസ്റ്റ് 21-ന് മുമ്പായി സമിതിക്ക് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശക്തമായി ശുപാർശ ചെയ്യുന്നു.

സി. മമ്മൂട്ടി,

*ചെയർമാൻ,*

*പിന്നോക്ക സമുദായക്ഷേമ സമിതി.*

തിരുവനന്തപുരം,
5-7-2012.